**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1455** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>മഴക്കെടുതിയിലുണ്ടായ കൃഷി നാശനഷ്ടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** 2026 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ കനത്ത മഴക്കെടുതിയിലും ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കോടിക്കണക്കിന് രൂപയുടെ കൃഷി നാശനഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ നഷ്ടം സംഭവിച്ച കർഷകർക്ക് ഇതുവരെ എത്ര രൂപയുടെ സാമ്പത്തിക സഹായം വകുപ്പ് മുഖേന ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

**<u>മറുപടി:</u>** 2026 ആഗസ്റ്റ് മാസത്തിൽ പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കനത്ത മഴക്കെടുതിയിലും വെള്ളപ്പൊക്കത്തിലും 72 ഹെക്ടർ കൃഷിയും മറ്റ് നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. പത്തനംതിട്ടയിൽ ഓഗസ്റ്റ് മാസത്തിൽ 56,46,329 രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര തുക, നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ AIMS പോർട്ടൽ മുഖേന (AIMS Portal) തീയതികളിലെ മുൻഗണന അടിസ്ഥാനമാക്കിയാണ്, കർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്നത്. 2026 ആഗസ്റ്റ് മാസത്തിലെ നഷ്ടപരിഹാര തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** നഷ്ടപരിഹാരം ലഭിച്ച കർഷകരുടെ പേര് വിവരവും തുക സംബന്ധിച്ച വിശദാംശങ്ങളും പട്ടിക തിരിച്ച് നൽകാമോ?

**<u>മറുപടി:</u>** 2026 ആഗസ്റ്റ് മാസത്തിൽ പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കനത്ത മഴക്കെടുതിയിലും വെള്ളപ്പൊക്കത്തിലും 72 ഹെക്ടർ കൃഷിയും മറ്റ് നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. പത്തനംതിട്ടയിൽ ഓഗസ്റ്റ് മാസത്തിൽ 56,46,329 രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര തുക, നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ AIMS പോർട്ടൽ മുഖേന (AIMS Portal) തീയതികളിലെ മുൻഗണന അടിസ്ഥാനമാക്കിയാണ്, കർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്നത്. 2026 ആഗസ്റ്റ് മാസത്തിലെ നഷ്ടപരിഹാര തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**